പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2192 — 08.12.2014-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ-സംസ്ഥാന തലങ്ങളിൽ കായികരംഗങ്ങളിൽ മികവ് പുലർത്തുന്ന പല കായികതാരങ്ങളും ഉപജീവനമാർഗ്ഗത്തിന് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | കായികതാരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) | കായികതാരങ്ങളുടെ നേട്ടത്തിനും വിദ്യാഭ്യാസ യോഗ്യതയ്ക്കും ആനുപാതികമായി ഇപ്പോൾ 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ ഓരോ സാമ്പത്തിക വർഷവും ജോലി നൽകുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സോഫ്റ്റ്ബോൾ കായികതാരമായ ശ്രീ.അരുൺ.ടി.എസ്, ഫുട്ബോൾ കായികതാരമായ ശ്രീമതി പ്രീത ജെറാൾഡ് എന്നിവർക്ക് പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിൽ ജോലി നൽകിയിട്ടുണ്ട്. കൂടാതെ ഒളിമ്പ്യൻ ശ്രീ.പി.ആർ. ശ്രീജേഷിന് വിദ്യാഭ്യാസവകുപ്പിലും അന്ധക്രിക്കറ്റർ ശ്രീ.മനീഷിന് റവന്യൂ വകുപ്പിലും ജോലി നൽകിയിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര കായികതാരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട് : | (സി) & (ഡി) | വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ നടത്തിയ നിയമനം സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത നിമയനങ്ങളിൽ കായികതാരങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ